(ബി) പ്രസ്തുത പദ്ധതി പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി ലഭിക്കാൻ ബാക്കിയുണ്ടെന്ന് സെക്ഷൻ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ വൈദ്യുതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ച എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി &സി) അപേക്ഷകൾ ഒന്നുംതന്നെ ബാക്കിയില്ല.

വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും

40 (385) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷാവർഷങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഉല്പാദനം വർദ്ധനവ് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഉപഭോഗത്തിന് ആവശ്യമായ ഉല്പാദനം നടക്കാതെ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഇത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയാത്തതിനാൽ ഈ അന്തരം കൂടുകയാണ്.

(ബി) ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആകെ 187 മെഗാവാട്ട് ശേഷിയുള്ള 12 ജലവൈദ്യുതപദ്ധതികളുടെ പണി നടന്നുവരുന്നു. 398 മെഗാവാട്ടിന്റെ 19 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇവയ്ക്കുപുറമെ പാമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം ഇവയിൽനിന്നുള്ള പദ്ധതികളും നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) കേന്ദ്രവിഹിതവും മറ്റ് സ്രോതസ്സുകളിൽകൂടി ലഭിക്കുന്ന വൈദ്യുതിയും ചേർത്ത് മൊത്തം വൈദ്യുതി പുറമെനിന്ന് എത്തിക്കാൻ പ്രസരണ ഇടനാഴിയുടെ ശേഷി കുറവ് പലപ്പോഴും തടസ്സമാകാറുണ്ട്. അതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി മുഴുവനും ലൈനുകളുടെ അപര്യാപ്തതമൂലം എത്തിക്കാൻ കഴിയാതെവരുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈനും 400 കെ.വി. തിരുനെൽവേലി-കൊച്ചി-മാടക്കത്തറ ലൈനിന്റെ ഭാഗമായ ഇടമൺ-കൊച്ചി ലൈനിന്റെയും പണി പൂർത്തിയാകുന്നതോടുകൂടി അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെയും തർക്കങ്ങൾ പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ലൈനുകൾ പി.ജി.സി.ഐ.എൽ. ആണ് നിർമ്മിക്കുന്നത്. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ.എൽ.-നെ സഹായിക്കുവാനായി ഒരു പ്രത്യേക ടാസ്ക് ഫോഴ്സും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതിബോർഡിന്റെ കടവും വരുമാനവും ചാർജ്ജ് കുടിശ്ശികയും

41 (386) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതിബോർഡിന്റെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ; ഇതിൽ ഹ്രസ്വകാല-ദീർഘകാല വായ്പകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ ;